TELEPHONE: 0471-2328158
MOBILE : 8281000127

www.sec.kerala.gov.in

Email:
pro2025sec@gmail.com
cru.sec@kerala.gov.in
electionker@gmail.com

LEAP KERALA

വോട്ടിനായി പേര് ചേർത്തിടാം
നാടിനായി വോട്ട് ചെയ്തിടാം

# വാർത്താക്കുറിപ്പ്

## കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

01 December 2025

### തദ്ദേശ തിരഞ്ഞെടുപ്പ്: 75,644 സ്ഥാനാർത്ഥികൾ; 52.36% വനിതകൾ

2025-ലെ തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ സംസ്ഥാനത്താകെ മത്സരിക്കുന്നത് 75,644 സ്ഥാനാർത്ഥികൾ. 39,609 സ്ത്രീകളും, 36,034 പുരുഷൻമാരും, ഒരു ട്രാൻസ്ജെൻഡറും. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലെ പോത്തൻകോട് വാർഡിലാണ് ട്രാൻസ്ജെൻഡർ മത്സരിക്കുന്നത്.

ശരാശരി സ്ത്രീ സ്ഥാനാർത്ഥി പ്രാതിനിധ്യം 52.36% ആണ്. കൊല്ലം (55.26%), ആലപ്പുഴ (54.62%), പത്തനംതിട്ട (53.82%), കോട്ടയം (53.47%), തൃശ്ശൂർ (53.28%), എറണാകുളം (53.12%), വയനാട് (52.59%), തിരുവനന്തപുരം (52.58%), കോഴിക്കോട് (52.56%) എന്നീ ജില്ലകളാണ് വനിതാ സ്ഥാനാർത്ഥി പ്രാതിനിധ്യത്തിൽ മുന്നിൽ.

ഗ്രാമപഞ്ചായത്ത് തലത്തിൽ 29,262 സ്ത്രീ സ്ഥാനാർത്ഥികളും 26,168 പുരുഷ സ്ഥാനാർത്ഥികളും ഉണ്ട്. ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ 3,583 സ്ത്രീകളും 3,525 പുരുഷൻമാരും മത്സരിക്കുന്നു. ജില്ലാ പഞ്ചായത്തിലേക്ക് 672 പുരുഷൻമാരും 602 സ്ത്രീകളുമാണ് സ്ഥാനാർത്ഥികളായുള്ളത്. മുനിസിപ്പാലിറ്റികളിൽ 5,221 വനിതകളും 4,810 പുരുഷന്മാരും, കോർപ്പറേഷനുകളിൽ 941 സ്ത്രീകളും 859 പുരുഷന്മാരുമാണ് സ്ഥാനാർത്ഥികളായി മത്സരരംഗത്തുള്ളത്. വനിതാ സ്ഥാനാർത്ഥികളുടെ പ്രാതിനിധ്യം വിവിധ തലങ്ങളിൽ - ഗ്രാമപഞ്ചായത്ത് - 52.79%, ബ്ലോക്ക് പഞ്ചായത്ത് - 50.40%, ജില്ലാപഞ്ചായത്ത് - 47.21% , മുനിസിപ്പാലിറ്റി - 52.05 % , കോർപ്പറേഷൻ - 52.27% .

2020-ലെ തദ്ദേശ തിരഞ്ഞെടുപ്പിൽ 74,899 സ്ഥാനാർത്ഥികളായിരുന്നു മത്സരിച്ചത്. 38593 പുരുഷൻമാരും, 36305 സ്ത്രീകളും ഒരു ട്രാൻസ്ജെൻഡറും. ഇത്തവണ 745 സ്ഥാനാർത്ഥികളുടെ വർദ്ധനയുണ്ട്. സ്ഥാനാർത്ഥികളിൽ സ്ത്രീകളുടെ പ്രാതിനിധ്യവും വർധിച്ചു. 2020-ലെ കണക്കുകൾ പ്രകാരം സ്ത്രീ സ്ഥാനാർത്ഥികളുടെ പ്രാതിനിധ്യം 48.45 ശതമാനമായിരുന്നപ്പോൾ 2025-ൽ അത് 52 ശതമാനത്തിനു മുകളിലായി.

ജില്ലാ പഞ്ചായത്ത് തലത്തിൽ പുരുഷ സ്ഥാനാർത്ഥികളാണ് രണ്ട് തവണയും മുന്നിൽ. 2020-ൽ പുരുഷന്മാർ 594 ആയപ്പോൾ 2025-ൽ ഇത് 672 ആയി ഉയർന്നു. സ്ത്രീകൾ 2020-ലെ 685ൽ നിന്ന് 2025-ൽ 602 ആയി കുറഞ്ഞു.

രണ്ട് തവണയും ഏറ്റവും കൂടുതൽ സ്ഥാനാർത്ഥികളുള്ള ജില്ല മലപ്പുറമാണ്. 2020-ൽ 8,387 സ്ഥാനാർത്ഥികളും 2025-ൽ 8,381 സ്ഥാനാർത്ഥികളുമാണ് ഇവിടെയുള്ളത്. എറണാകുളം, തൃശ്ശൂർ, പാലക്കാട്, തിരുവനന്തപുരം ജില്ലകളും രണ്ട് തിരഞ്ഞെടുപ്പിലും സ്ഥാനാർത്ഥികളുടെ എണ്ണത്തിൽ മുന്നിലാണ്. അതേസമയം ഏറ്റവും കുറവ് സ്ഥാനാർത്ഥികളുള്ള ജില്ല രണ്ടു തവണയും വയനാടാണ്. 2020-ൽ 1,857 പേർ, 2025-ൽ 1,968 പേരുമാണിവിടെ മത്സരത്തിനുള്ളത്.

**2025 ലേയും 2020 ലേയും സ്ഥാനാർത്ഥികളുടെ വിശദ വിവരം ചുവടെ :**

| തദ്ദേശ തിരഞ്ഞെടുപ്പ് 2025– ആകെ സ്ഥാനാർത്ഥികൾ [ 75644 ] | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ജില്ലാപഞ്ചായത്ത് | | | ബ്ളോക്ക്പഞ്ചായത്ത | | ഗ്രാമപഞ്ചായത്ത് | | കോർപ്പറേഷൻ | | മുനിസിപ്പാലിറ്റി | | സ്ഥാനാർത്ഥികൾ | | | ആകെ |
| ജില്ല | സ്ത്രീ | പുരുഷൻ | ട്രാൻസ് | സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ | ട്രാൻസ് | |
| തിരുവനന്തപുരം | 49 | 60 | 1 | 272 | 274 | 2487 | 2156 | 247 | 237 | 263 | 264 | 3318 | 2991 | 1 | **6310** |
| കൊല്ലം | 45 | 53 | 0 | 270 | 254 | 2450 | 1914 | 97 | 105 | 241 | 186 | 3103 | 2512 | 0 | **5615** |
| പത്തനംതിട്ട | 28 | 26 | 0 | 182 | 164 | 1465 | 1245 | | | 235 | 204 | 1910 | 1639 | 0 | **3549** |
| ആലപ്പുഴ | 37 | 43 | 0 | 269 | 246 | 2246 | 1823 | | | 395 | 336 | 2947 | 2448 | 0 | **5395** |
| കോട്ടയം | 47 | 36 | 0 | 237 | 252 | 2181 | 1851 | | | 361 | 320 | 2826 | 2459 | 0 | **5285** |
| ഇടുക്കി | 29 | 32 | 0 | 148 | 162 | 1254 | 1242 | | | 121 | 114 | 1552 | 1550 | 0 | **3102** |
| എറണാകുളം | 50 | 58 | 0 | 336 | 300 | 2579 | 2248 | 202 | 161 | 750 | 690 | 3917 | 3457 | 0 | **7374** |
| തൃശ്ശൂർ | 53 | 60 | 0 | 367 | 351 | 2861 | 2450 | 109 | 108 | 491 | 434 | 3881 | 3403 | 0 | **7284** |
| പാലക്കാട് | 58 | 60 | 0 | 314 | 318 | 2685 | 2505 | | | 406 | 380 | 3463 | 3263 | 0 | **6726** |
| മലപ്പുറം | 55 | 71 | 0 | 383 | 436 | 2888 | 3114 | | | 693 | 741 | 4019 | 4362 | 0 | **8381** |
| കോഴിക്കോട് | 50 | 61 | 0 | 312 | 292 | 2325 | 2099 | 176 | 150 | 463 | 400 | 3326 | 3002 | 0 | **6328** |
| വയനാട് | 31 | 27 | 0 | 97 | 92 | 745 | 657 | | | 162 | 157 | 1035 | 933 | 0 | **1968** |
| കണ്ണൂർ | 41 | 52 | 0 | 253 | 234 | 1970 | 1823 | 110 | 98 | 464 | 427 | 2838 | 2634 | 0 | **5472** |
| കാസർഗോഡ് | 29 | 33 | 0 | 143 | 150 | 1126 | 1041 | | | 176 | 157 | 1474 | 1381 | 0 | **2855** |
| **ആകെ** | **602** | **672** | **1** | **3583** | **3525** | **29262** | **26168** | **941** | **859** | **5221** | **4810** | **39609** | **36034** | **1** | **75644** |

| തദ്ദേശ തിരഞ്ഞെടുപ്പ് 2020 – ആകെ സ്ഥാനാർത്ഥികൾ [ 74899 ] | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ജില്ല | ജില്ലാ പഞ്ചായത്ത് | | ബ്ലോക്ക് പഞ്ചായത്ത് | | ഗ്രാമ പഞ്ചായത്ത് | | കോർപ്പറേഷൻ | | | മുനിസിപ്പാലിറ്റി | | സ്ഥാനാർത്ഥികൾ | | | |
| | സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ | ട്രാൻസ് | സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ | ട്രാൻസ് | ആകെ |
| തിരുവനന്തപുരം | 52 | 45 | 257 | 266 | 2291 | 2482 | 279 | 277 | 0 | 243 | 273 | 3122 | 3343 | 0 | **6465** |
| കൊല്ലം | 57 | 50 | 249 | 279 | 2055 | 2357 | 116 | 115 | 0 | 206 | 239 | 2683 | 3040 | 0 | **5723** |
| പത്തനംതിട്ട | 34 | 26 | 155 | 187 | 1261 | 1542 | - | - | - | 235 | 259 | 1685 | 2014 | 0 | **3699** |
| ആലപ്പുഴ | 43 | 39 | 236 | 272 | 1833 | 2251 | - | - | - | 393 | 396 | 2505 | 2958 | 0 | **5463** |
| കോട്ടയം | 49 | 40 | 235 | 256 | 1953 | 2165 | - | - | - | 367 | 367 | 2604 | 2828 | 0 | **5432** |
| ഇടുക്കി | 31 | 29 | 163 | 174 | 1276 | 1319 | - | - | - | 118 | 124 | 1588 | 1646 | 0 | **3234** |
| എറണാകുളം | 55 | 50 | 304 | 307 | 2274 | 2450 | 197 | 203 | 0 | 693 | 722 | 3523 | 3732 | 0 | **7255** |
| തൃശ്ശൂർ | 55 | 52 | 323 | 366 | 2381 | 2649 | 122 | 108 | 0 | 468 | 496 | 3349 | 3671 | 0 | **7020** |
| പാലക്കാട് | 67 | 59 | 326 | 310 | 2459 | 2557 | - | - | - | 414 | 395 | 3266 | 3321 | 0 | **6587** |
| മലപ്പുറം | 82 | 63 | 455 | 384 | 3038 | 2841 | - | - | - | 815 | 709 | 4390 | 3997 | 0 | **8387** |
| കോഴിക്കോട് | 55 | 47 | 274 | 283 | 1959 | 2135 | 178 | 172 | 0 | 441 | 441 | 2907 | 3078 | 0 | **5985** |
| വയനാട് | 27 | 28 | 80 | 91 | 605 | 703 | - | - | - | 158 | 165 | 870 | 987 | 0 | **1857** |
| കണ്ണൂർ | 42 | 37 | 209 | 228 | 1691 | 1853 | 101 | 104 | 1 | 470 | 408 | 2513 | 2630 | 1 | **5144** |
| കാസർഗോഡ് | 36 | 29 | 126 | 137 | 974 | 1017 | - | - | - | 164 | 165 | 1300 | 1348 | 0 | **2648** |
| **ആകെ** | **685** | **594** | **3392** | **3540** | **26050** | **28321** | **993** | **979** | **1** | **5185** | **5159** | **36305** | **38593** | **1** | **74899** |

(എസ്.ഇ.സി 88/ 2025)

## ഏറ്റവും കൂടുതൽ സ്ഥാനാർത്ഥികൾ തിരുവനന്തപുരം പേട്ട വാർഡിൽ – 11 പേർ
## സംസ്ഥാനത്തെ എല്ലാ വാർഡിലും ഒരു ബാലറ്റ് യൂണിറ്റ് മാത്രം

തിരുവനന്തപുരം കോർപ്പറേഷനിലെ പേട്ട വാർഡിലാണ് സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സ്ഥാനാർത്ഥികൾ മത്സരിക്കുന്നത് – 11 പേർ. അതേസമയം, ഒറ്റ സ്ഥാനാർത്ഥി മാത്രം ഉണ്ടായിരുന്ന 16 വാർഡുകളിൽ സ്ഥാനാർത്ഥികൾ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു. ഇതിൽ കണ്ണൂർ ജില്ലയിലെ ആന്തൂർ മുനിസിപ്പാലിറ്റിയിലെ 5 വാർഡുകളും, കണ്ണപുരം ഗ്രാമപഞ്ചായത്തിലെ 6 വാർഡുകളും, മലപ്പട്ടം ഗ്രാമപഞ്ചായത്തിലെ 3 വാർഡുകളും കാസർഗോഡ് ജില്ലയിലെ മടിക്കൈ, മംഗൽപാടി ഗ്രാമപഞ്ചായത്തുകളിലെ ഓരോ വാർഡും ഉൾപ്പെടും.

തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം വാർഡിൽ 10 ഉം കഴക്കൂട്ടം, ബീമാപള്ളി, കണ്ണമൂല, കൊച്ചി കോർപ്പറേഷനിലെ തൃക്കണാർവട്ടം വാർഡുകളിൽ 9 ഉം സ്ഥാനാർത്ഥികൾ വീതമുണ്ട്. ഏറ്റവും കൂടുതൽ സ്ഥാനാർത്ഥികളുള്ള ഗ്രാമപഞ്ചായത്ത് വാർഡ് കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിലെ കോളേജ് വാർഡാണ്, 9 സ്ഥാനാർത്ഥികൾ.

ഗ്രാമപഞ്ചായത്ത് തലത്തിൽ ഏറ്റവും കൂടുതൽ സ്ഥാനാർത്ഥികളുള്ളത് കണ്ണൂർ ജില്ലയിലെ കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തിലാണ്, 102 പേർ. ഏറ്റവും കുറവ് സ്ഥാനാർത്ഥികളുള്ളത് കണ്ണൂർ ജില്ലയിലെ മലപ്പട്ടം ഗ്രാമപഞ്ചായത്തിലുമാണ്, 25 പേർ.

ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ഏറ്റവും കൂടുതൽ സ്ഥാനാർത്ഥികൾ ഉള്ളത് കോഴിക്കോട് ജില്ലയിലെ കുന്നമംഗലം ബ്ലോക്ക് പഞ്ചായത്തിലാണ് – 76 പേർ. എറണാകുളം ജില്ലയിലെ പള്ളുരുത്തി, ഇടുക്കി ജില്ലയിലെ ഇടുക്കി എന്നിവ സ്ഥാനാർത്ഥികൾ കുറവുള്ള ബ്ലോക്കു പഞ്ചായത്തുകളാണ്. ഈ രണ്ട് ബ്ലോക്കു പഞ്ചായത്തുകളിലേക്കും 36 സ്ഥാനാർത്ഥികൾ വീതം മാത്രമാണ് മത്സരിക്കുന്നത്.

ജില്ലാപഞ്ചായത്തുകളിൽ ഏറ്റവും കൂടുതൽ സ്ഥാനാർത്ഥികളുള്ളത് 126 പേർ മത്സരിക്കുന്ന മലപ്പുറം ജില്ലാപഞ്ചായത്തിലാണ്. ഏറ്റവും കുറവ് പത്തനംതിട്ട ജില്ലാപഞ്ചായത്തിലും – 54 പേർ.

(എസ്.ഇ.സി 89/ 2025)

## 21 വയസ്സ് പ്രായമുള്ള സ്ഥാനാർത്ഥികൾ 149 പേർ

25 വയസിൽ താഴെ പ്രായമുള്ള 1183 സ്ഥാനാർത്ഥികളാണ് തദ്ദേശ തിരഞ്ഞെടുപ്പിൽ ജനഹിതം തേടുന്നത്. ഇതിൽ 917 സ്ത്രീകളും 266 പുരുഷൻമാരുമാണുള്ളത്. സംസ്ഥാനത്തെ ത്രിതലപഞ്ചായത്തുകളിലും, നഗരസഭ കോർപ്പറേഷനുകളിലും ആകെ സ്ഥാനാർത്ഥികളുടെ എണ്ണം 75644 ആണ്. ഇതിന്റെ 1.56 % മാത്രമാണ് 25 വയസിൽ താഴെയുള്ള സ്ഥാനാർത്ഥികളുടെ എണ്ണം. ഇതിൽ തന്നെ തദ്ദേശ തിരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള യോഗ്യതാ പ്രായമായ 21 വയസ് മാത്രമുള്ള 149 സ്ഥാനാർത്ഥികളും ഇത്തവണ മത്സരിക്കുന്നു. 130 സ്ത്രീകളും 19 പുരുഷൻമാരുമാണ് ഈ വിഭാഗത്തിലുള്ളത്.

(എസ്.ഇ.സി 90/ 2025)

---